THE CONTRARIAN CONSULTANT

ടിനി ഫിലിപ്പ്

ഇന്ത്യയിലും ബിസിനസ് രംഗങ്ങളിലുമായി നിരവധി സംരംഭങ്ങളുടെ ബിസിനസ് അനലൈസറായ ടിനി ഫിലിപ്പിന് സ്ഥിരതയും സമയം പഠ്യപ്രതയുമുള്ള ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിൽ 22 വർഷത്തെ പരിചയ സമ്പത്തുണ്ട്. ലാഭത്ത ബിസിനസ് അനലൈസർ ആയി പ്രവർത്തനം ആരംഭിച്ച അദ്ദേഹം നിലവിൽ, കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്.
ഇ-മെയിൽ: tinyphilip@gmail.com

ഏത് പരിഷ്കാരങ്ങളാണ് ബിസിനസിൽ വരുത്തേണ്ടത് എങ്ങനെ തീരുമാനമെടുക്കണം

പ്രായോഗിക രീതിയിലുള്ള ബിസിനസ് പരിഷ്കാരങ്ങളാണ് ബിസിനസ് വിജയത്തിന് അനിവാര്യം

സമയാസമയം പരിഷ്കാരങ്ങൾ വരുത്തേണ്ടത് ഏത് ബിസിനസിന്റെയും ആവശ്യമാണ്. ബിസിനസിൽ ഏതൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കേണ്ടത് എന്ന് അറിയാൻ കോസ്റ്റ് എക്കൗണ്ടിംഗ് സംരംഭകരെ സഹായിക്കുന്നു. എന്നാൽ കോസ്റ്റ് എക്കൗണ്ടിംഗ് ശരിയായ ഉത്തരങ്ങൾ നൽകാതിരിക്കുകയും അത് വഴി സംരംഭകർ തെറ്റായ തീരുമാനങ്ങളെടുക്കുന്നതുമാണ് പലപ്പോഴും ഞങ്ങൾ കണ്ടിട്ടുള്ളത്. ഈ പ്രശ്നത്തെ വിശദമായി മനസിലാക്കാൻ ഒരു സോപ്പ് മാനുഫാക്ചറിംഗ് കമ്പനിയുടെ ഉദാഹരണം എടുക്കാം.

ഉൽപ്പാദനത്തിന്റെ രണ്ട് ഘട്ടങ്ങളാണ് ഈ കമ്പനിയിലുള്ളത്. ആദ്യം മിക്സിംഗും പിന്നീട് പായ്ക്കിംഗും. കമ്പനി രണ്ട് തരം സോപ്പുകളാണ് നിർമിക്കുന്നത് അതിനെ X എന്നും Y എന്നും എടുക്കാം. ഓരോ സോപ്പിനെക്കുറിച്ചും വ്യക്തമായി മനസിലാക്കാനുതകുന്ന വിവരങ്ങൾ ടേബിൾ ഒന്നിൽ നൽകിയിരിക്കുന്നു.

ടേബിൾ ഒന്നിൽ നൽകിയിരിക്കുന്നത് പോലെ രണ്ട് തരം സോപ്പിനും ഒരേ നിർമാണ പ്രക്രിയയും ഒരേ ഡിമാന്റുമാണ് ഉള്ളതെങ്കിലും വിൽപ്പന വിലയും, റോ മെറ്റീരിയൽ കോസ്റ്റും നിർമാണ സമയം എന്നിവ വ്യത്യസ്തമാണ്. കമ്പനിക്ക് ആകെ ഒരു ഇല്ല. ധനം മാഗസിനിൽ ഈ കൊളത്തിൽ തന്നെ ഞാൻ വിശദമാക്കിയിട്ടുള്ള ആശയത്തെ അടിസ്ഥാനമാക്കി (മാർച്ച് 15, 2015 ലും മാർച്ച് 31, 2015 ലക്കങ്ങളിൽ) പരമാവധി ലാഭത്തിനായി കമ്പനി ടേബിൾ മൂന്നിൽ കാണുന്നതുപോലെ മോഡൽ X ന്റെ 201 ബോക്സുകളും മോഡൽ Y യുടെ 500 ബോക്സുകളുമാണ് വിപണിയിൽ സപ്ലൈ ചെയ്യുന്നത്.

മിക്സിംഗ് മെഷിന്റെ സപ്ലൈയർ മിക്സിംഗിന്റെ സമയം ലഘൂകരിക്കാനുതകും വണ്ണം ഒരു പ്രൊപ്പോസൽ കമ്പനിക്ക് നൽകി. 100,000 ലക്ഷം രൂപ വിലയുള്ള ഒരു ഫിക്സ്ചർ വാങ്ങിയാൽ X മോഡൽ സോപ്പിന്റെ മിക്സിംഗ് സമയം അഞ്ച് മിനിട്ട് എന്നുള്ളത് 2 മിനിട്ടായും മോഡൽ Y സോപ്പിന്റെ മിക്സിംഗ് സമയം 15 മിനിട്ട് എന്നുള്ളത് 12 മിനിട്ടായും കുറയ്ക്കാൻ കഴിയും. ഈ പ്രൊപ്പോസൽ അനുസരിച്ച് ഇത് മോഡൽ X ന്റെ തൊഴിലാളികളുടെ സമയത്തിന്റെ (3 മിനിട്ട് x 210 ബോക്സുകൾ x 10 ജോലിക്കാർ) 6030 മിനിട്ടുകളും മോഡൽ Y യുടെ തൊഴിലാളികളുടെ സമയത്തിന്റെ (3 മിനിട്ട് x 500 ബോക്സുകൾ x 10 ജോലിക്കാർ) 15000 മിനിട്ടുകളും കുറയ്ക്കാം. അത്തരത്തിൽ ആകെ ലാഭിച്ച സമയം 6030 മിനിട്ടുകൾ + 15000 മിനിട്ടുകൾ = പ്രതിമാസം 21030 മിനിട്ടുകൾ. ജോലിക്കാരുടെ ചെലവ് ഒരു രൂപ/മിനിട്ട് എന്നായതിനാൽ ഓരോ മാസവും 21030 രൂപ ലാഭിക്കാം. എന്നാൽ 1,00,000 ലക്ഷം രൂപയുടെ നിക്ഷേപത്തിന്മേലുള്ള തിരിച്ചടവ് അഞ്ച് മാസത്തിൽ കുറവന്ന ചുരുങ്ങിയ കാലയളവാണ്.

എന്നാൽ അതേസമയം തന്നെ പ്രൊഡക്ഷൻ മാനേജർ മറ്റൊരു പ്രൊപ്പോസൽ ഉണ്ടാക്കി. രണ്ട് തരം സോപ്പുകളുടെയും പായ്ക്കിംഗ് സമയം കുറച്ചു കൊണ്ടുള്ള തന്നായിരുന്നു അത്. ഓരോ ബോക്സിലെയും റോ മെറ്റീരിയൽ കോസ്റ്റിൽ 10 രൂപ കൂടുതലായി വരുന്ന ഒരു ചെലവു രണ്ട് സോപ്പുകളിലും ഉൾപ്പെടുത്തി മിക്സിംഗ് സമയം ഒരു ബോക്സിന് ഒരു മിക്സിംഗ് മെഷീനും ഒരു പായ്ക്കിംഗ് മെഷീനുമാണ് ഉള്ളത്. ഓരോ മെഷീനും ഒരു ദിവസം എട്ടു മണിക്കൂറും ഒരു മാസം 24 ദിവസവും പ്രവർത്തിക്കുന്നു. അതായത് 60 മിനിട്ടുകൾ x 24 മണിക്കൂർ x 24 ദിവസങ്ങൾ = പ്രതിമാസം 11,520 മിനിട്ടുകൾ.

ഒരേസമയത്ത് മിക്സിംഗ് മെഷീനിൽ 10 ജോലിക്കാരും പായ്ക്കിംഗ് മെഷീനിൽ 20 ജോലിക്കാരും പ്രവർത്തിക്കണം. പ്രതിമാസം ഓരോ ജീവനക്കാനും 11520 രൂപയാണ് കൂലിയായി നൽകുന്നത്. കമ്പനിയുടെ ഓവർഹെഡ്, ശമ്പളം, വാടക, വൈദ്യുതി, മാർക്കറ്റിംഗ് മുതലായവ എല്ലാം കൂട്ടി (റോ മെറ്റീരിയൽസും തൊഴിലാളികളുടെ കൂലിയും ഒഴികെ) മുന്നു ലക്ഷം രൂപയാണ്.

ടേബിൾ രണ്ടിൽ കാണുന്നത് പോലെ മോഡൽ X ന്റെ 500 ബോക്സുകളും മോഡൽ Y യുടെ 500 ബോക്സുകളുമാണ് മാർക്കറ്റ് ഡിമാന്റ് എങ്കിലും അത്രയും സപ്ലൈയ്ക്കായുള്ള കപ്പാസിറ്റി കമ്പനിക്ക്

Table 1 – Relevant Data for Soaps

Code	Item	Units	Calculation	Model X	Model Y
A	Monthly Demand	Boxes/month		500	500
B	Selling Price	Rs/box		3100	3000
C	Raw Material Cost	Rs/box		1500	1600
D	Gross Profit	Rs/box	B-C	1600	1400
E	Mixing Time	Minutes/box		5	15
F	Packing Time	Minutes/box		20	15
G	Total Processing Time	Minutes/box	E+F	25	30

Table 2 – Capacity Calculations

Code	Item	Units	Calculation	Mixing Machine	Packing Machine
A	Number of Machines	Numbers		1	1
B	Number of Minutes per Hour	Minutes		60	60
C	Number of Working Hours per day	Hours		8	8
D	Number of Working Days per month	Days		24	24
E	Available Time per Month	Minutes	AxBxCxD	11520	11520
F	Minutes required for making 1 box of Model X	Minutes		5	20
G	Minutes required for making 1 box of Model Y	Minutes		15	15
H	Minutes required for making 500 boxes of Model X	Minutes	Fx500	2500	10000
I	Minutes required for making 500 boxes of Model Y	Minutes	Gx500	7500	7500
J	Total Minutes Required for making 500 boxes of Model X and 500 boxes of Model Y	Minutes	H+I	10000	17500
K	Capacity Utilisation	%	J/Ex100	86.8	151.9

Table 3 – Monthly Profitability of Soap Company

Code	Item	Detail	Calculation	Rs
A	Revenue	Model X	201 boxes x Rs 3100	623100
B	Revenue	Model Y	500 boxes x Rs 3000	1500000
C	Total Revenue		A+B	2123100
D	Raw Material Cost	Model X	201 boxes x Rs 1500	301500
E	Raw Material Cost	Model Y	500 boxes x Rs 1600	800000
F	Total Raw Material Cost		D+E	1101500
G	Gross Profit		C-F	1021600
H	Labour Wages		30 workers x Rs 11520	345600
I	Overhead			300000
J	Profit		G-H-I	376000